# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3323

12.12.2014- ലെ
മറുപടിക്ക്.

## സംസ്ഥാന പ്ലാൻ ഫണ്ട് വിനിയോഗം

ചോദ്യം
ശ്രീ. എം.ഹംസ

ഉത്തരം
ശ്രീ.കെ.സി.ജോസഫ്
(ഗ്രാമവികസനവും ആസൂത്രണവും
സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി)

(എ) സംസ്ഥാന പ്ലാൻഫണ്ട് ചിലവഴിക്കുന്നതിന് വിവിധ വകുപ്പുകൾക്ക് എന്തെല്ലാം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ:

(എ) പദ്ധതികൾക്ക് യഥാസമയം ഭരണാനുമതി നൽകുകയും പദ്ധതി നിർവ്വഹണം സുഗമമാക്കുവാൻ സാമ്പത്തിക വർഷത്തിന്റെ ഒന്ന്, രണ്ട്, മൂന്ന്, നാല് പാദങ്ങളിൽ യഥാക്രമം 10%. 30%. 60%. 100% എന്നിങ്ങനെ പദ്ധതി തുക ചെലവ് ചെയ്യുക, പദ്ധതി തുകയുടെ സിംഹഭാഗം മാർച്ച് മാസത്തിൽ ചെലവഴിക്കുന്ന പ്രവണത ഒഴിവാക്കുന്നതിനായി മാർച്ച് മാസത്തെ ചെലവ് 10% ആക്കുക എന്നീ നർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ പദ്ധതി പണം ചെലവഴിക്കാതെ വകുപ്പുകളുടെ അക്കൗണ്ടിൽ സൂക്ഷിക്കുന്ന പ്രവണതയ്ക്ക് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) വാർഷിക പ്ലാൻ ഇംപ്ലിമെന്റേഷന്റെ പുരോഗതി വിലയിരുത്തുന്നതിന് ഇന്ന് എന്തെല്ലാം സംവിധാനങ്ങൾ ആണ് നിലവിലുളളത്:

(ബി) മുഖ്യമന്ത്രി തലത്തിൽ വകുപ്പ് സെക്രട്ടറിമാരുടെ അവലോകനയോഗം നടത്തുകയുണ്ടായി. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ എല്ലാ മാസവും അവലോകനയോഗം ചേർന്ന് പദ്ധതി നിർവ്വഹണ പുരോഗതി വിലയിരുത്തി വരുന്നു. വകുപ്പ് സെക്രട്ടറി തലത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻമാരുടെ അവലോകനവും നടത്തുന്നുണ്ട്. ഈ യോഗങ്ങളിൽ പദ്ധതികൾക്ക് ഭരണാനുമതി സമയബന്ധിതമായി നൽകപ്പെടുന്നുണ്ടോ എന്ന് പ്രത്യേകം പരിശോധിക്കുന്നുണ്ട്. ജില്ലാ വികസന സമിതി യോഗങ്ങളിൽപദ്ധതി നിർവ്വഹണ പുരോഗതി വിലയിരുത്തുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഭരണാനുമതി വേണ്ട ഭൂരിഭാഗം പദ്ധതികൾക്കും ഇതിനോടകം ഭരണാനുമതി നൽകിക്കഴിഞ്ഞിട്ടുണ്ട്. കൂടാതെ പദ്ധതി പണം ചെലവഴിക്കാതെ വകുപ്പുകളുടെ അക്കൗണ്ടിൽ സുക്ഷിക്കുന്ന പ്രവണതയ്ക്ക് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്തെ മുഖ്യമന്ത്രിയുൾപ്പെടെയുള്ള മന്ത്രിമാർക്കും, വകുപ്പ് തലവൻമാർക്കും പ്ലാൻ നിർവ്വഹണ പുരോഗതി തത്സമയം അറിയുന്നതിന് എന്തെല്ലാം ആധുനിക സംവിധാനങ്ങൾ ആണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | പദ്ധതി നിർവ്വഹണ പുരോഗതി തത്സമയം ഓൺലൈനായി നിരീക്ഷിക്കുന്നതിന് 'പ്ലാൻ സ്പേസ്' എന്ന സംവിധാനം സംസ്ഥാന ആസൂത്രണ ബോർഡ് വികസിപ്പിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണ പുരോഗതി തത്സമയം തന്നെ ബന്ധപ്പെട്ട വകുപ്പ് മേധാവികൾ, ചീഫ് സെക്രട്ടറി ഉൾപ്പെടെയുള്ള വകുപ്പ് സെക്രട്ടറിമാർ, മന്ത്രിമാർ എന്നിവർക്ക് ലഭ്യമാകുന്ന വിധത്തിലുള്ള മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം പ്ലാൻസ്പേസിൽ ഒരുക്കിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിന്റെ ഭൗതിക പുരോഗതി യഥാസമയം നിരീക്ഷിക്കുന്നതിന് പദ്ധതി നിർവ്വഹണത്തിലൂടെ സൃഷ്ടിക്കപ്പെടുന്ന ആസ്തികളുടെ കാലാകാലങ്ങളിലുള്ള വിവരങ്ങൾ ചിത്രങ്ങൾ സഹിതം പ്ലാൻസ്പേസിൽ ശേഖരിക്കുന്നതിനുള്ള സംവിധാനം ഒരുക്കി വരുന്നു. ഇതിന്റെ പ്രാഥമിക രൂപരേഖ തയാറാക്കി വരുന്നു. |
| (ഡി) | സംസ്ഥാനത്തെ വിവിധ വകുപ്പുകൾ പ്ലാൻ ഫണ്ട് വിനിയോഗിച്ചതിന്റെ വിശദാംശം 31.10.2014 തീയതി പ്രകാരമുള്ളത് വ്യക്തമാക്കാമോ ? | (ഡി) | സംസ്ഥാനത്തെ വിവിധ വകുപ്പുകൾ പ്ലാൻ ഫണ്ട് വിനിയോഗിച്ചതിന്റെ 31/10/2014 വരെയുള്ള താല്ക്കാലിക കണക്ക് അനുബന്ധമായി നൽകുന്നു |

സെക്ഷൻ ഓഫീസർ

Department wise

Plan Progress upto 31st October

Rs. Crores.

| | Department/ Secretary | State Plan | | |
|---|---|---|---|---|
| | | Outlay | Expr. | % |
| 1 | Agriculture | 1051.92 | 349.47 | 33 |
| 2 | AHD | 365.16 | 88.09 | 24 |
| 3 | Cooperation | 87.99 | 9.54 | 11 |
| 4 | Cultural Affairs | 72.00 | 18.51 | 26 |
| 5 | Environment | 27.00 | 3.01 | 11 |
| 6 | Finance | 153.80 | 40.39 | 26 |
| 7 | Fisheries | 264.67 | 46.44 | 18 |
| 8 | Food & CS | 39.16 | 3.02 | 8 |
| 9 | Forest | 150.00 | 37.35 | 25 |
| 10 | GAD | 87.63 | 4.78 | 5 |
| 11 | General Edn | 368.41 | 92.81 | 25 |
| 12 | Health & FW | 664.12 | 297.44 | 45 |
| 13 | Higher Edn | 528.41 | 119.96 | 23 |
| 14 | Home | 131.98 | 32.81 | 25 |
| 15 | Housing | 45.22 | 0.25 | 1 |
| 16 | I&PR | 30.00 | 4.67 | 16 |
| 17 | Industries | 639.15 | 70.09 | 11 |
| 18 | IT | 313.33 | 111.74 | 36 |
| 19 | Labour | 430.56 | 151.52 | 35 |
| 20 | Law | 0.70 | 0.00 | 0 |
| 21 | Legislature | 1.21 | 0.40 | 33 |
| 22 | LSGD | 6478.40 | 1093.43 | 17 |
| 23 | NORKA | 19.84 | 3.59 | 18 |
| 24 | P&ARD | 13.85 | 4.39 | 32 |
| 25 | Planning | 1488.69 | 10.32 | 1 |
| 26 | Port | 98.69 | 17.38 | 18 |
| 27 | Power | 1370.04 | 396.57 | 29 |
| 28 | PWD | 889.35 | 825.55 | 93 |
| 29 | Revenue | 67.45 | 3.90 | 6 |
| 30 | SC /BCDD | 1060.65 | 228.48 | 22 |
| 31 | ST | 451.78 | 77.72 | 17 |
| 32 | Science & Tech | 90.97 | 23.56 | 26 |
| 33 | Social Justice | 459.37 | 553.40 | 121 |
| 34 | Sports & YA | 67.15 | 18.00 | 27 |
| 35 | Taxes | 15.55 | 2.08 | 13 |
| 36 | Tourism | 206.65 | 95.75 | 46 |
| 37 | Transport | 121.95 | 255.14 | 209 |
| 38 | Water Resources | 1647.21 | 315.15 | 19 |
| | **Grand Total** | **20000.00** | **5424.22** | **27** |